പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 375 — 23.01.2018 -ൽ മറുപടിക്ക്.

## കേന്ദ്ര സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ഭക്ഷ്യധാന്യ റേഷൻ വിഹിതം

| ചോദ്യം<br>**ശ്രീ.അനൂപ് ജേക്കബ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തിന് നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ഭക്ഷ്യ ധാന്യ റേഷൻ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കേന്ദ്ര വിഹിതം വഴി എത്ര കിലോഗ്രാം ഭക്ഷ്യധാന്യം ഓരോ കാർഡ് ഉടമയ്ക്കും ലഭിയ്ക്കുമെന്ന് അറിയിക്കുമോ ; | (എ) സംസ്ഥാനത്തിന് നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും പ്രതിമാസം 95715.792 മെട്രിക് ടൺ അരിയും 23038.291 മെട്രിക് ടൺ ഗോതമ്പും ലഭിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്ര വിഹിതം വഴി കാർഡുടമകൾക്ക് ലഭിക്കുന്ന വിഹിതം ചുവടെ ചേർക്കുന്നു.<br>**1)** എ.എ.വൈ കാർഡ് - കാർഡിന് 28 കിലോഗ്രാം അരിയും 7 കിലോഗ്രാം ഗോതമ്പും ഉൾപ്പെടെ പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യം.<br>**2)** പ്രയോറിറ്റി കാർഡ് - കാർഡിലെ ഓരോ അംഗത്തിനും പ്രതിമാസം 4 കിലോഗ്രാം അരിയും 1 കിലോഗ്രാം ഗോതമ്പും.<br>**3)** നോൺ പ്രയോറിറ്റി സബ്സിഡി (എൻ.പി.എസ്) - ഓരോ അംഗത്തിനും 2 കിലോഗ്രാം അരിയും കാർഡിന് 1 കിലോഗ്രാം ഗോതമ്പ്/ആട്ടയും.<br>**4)** നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻ.പി.എൻ.എസ്) - കാർഡിന് 2 കിലോഗ്രാം ആട്ടയും 2 കിലോഗ്രാം അരി ലഭ്യതയ്ക്കനുസരിച്ചും. |
| (ബി) പൊതു വിഭാഗത്തിലെ കാർഡ് ഉടമകൾക്ക് ഇപ്പോൾ ലഭിക്കുന്ന അരിവിഹിതം കുറവാണ് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന് കൂടുതൽ ഭക്ഷ്യ ധാന്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിയ്ക്കുമോ ; | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിച്ച് ലഭിച്ചാൽ പൊതു വിഭാഗത്തിന്റെ റേഷൻ വിഹിതം വർദ്ധിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്. |
| (സി) പൊതു കമ്പോളത്തിൽ നിന്നോ കേന്ദ്രത്തിൽ നിന്നോ അരി സംഭരിച്ച് പൊതു വിഭാഗത്തിലെ കാർഡ് ഉടമകൾക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിയ്ക്കുമോ ? | |

**സെക്ഷൻ ഓഫീസർ**